8039
12/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി-അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.497/2014/സാനീവ — തീയതി, തിരുവനന്തപുരം, 07.08.2014.

---

പരാമർശം : (1) 21.6.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ7- 662/13 നംപർ കത്ത്.
(2) 21.7.2014 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്.

<u>ഉത്തരവ്</u>

പുതിയ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള അംഗൻവാടികൾ മെച്ചപ്പെടുത്തുന്നതിനുമായി 4235-02-102-94(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപ വിനിയോഗിച്ച് കുറഞ്ഞത് 2.5 സെന്റ് സ്ഥലം സ്വന്തമായി ഉള്ളതും എന്നാൽ സ്വന്തമായി കെട്ടിടമില്ലാത്ത കാരണത്താൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഒരു അംഗൻവാടിയ്ക്ക് 11,66,000/- എന്ന രീതിയിൽ ആകെ 17 അംഗൻവാടികൾ നിർമ്മിക്കുന്നതിന് 4235-02-102-94(പ്ലാൻ) ശീർഷകത്തിൽ നിന്നും ആകെ 1,98,22,000/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും നിർമ്മാണ പ്രവർത്തനം പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനെ ഏൽപ്പിക്കുന്നതിനും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(2) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുറഞ്ഞത് 2.5 സെന്റ് സ്ഥലം സ്വന്തമായി ഉള്ളതും എന്നാൽ സ്വന്തമായി കെട്ടിടമില്ലാത്ത കാരണത്താൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു അംഗൻവാടിയ്ക്ക് 11,66,000/- രൂപ നിരക്കിൽ അനുബന്ധമായി ചേർത്തിട്ടുള്ള 17 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും നിർമ്മാണ പ്രവർത്തനം പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനെ ഏൽപ്പിക്കുന്നതിനും ഭരണാനുമതി നൽകിയും ഇതിനാവശ്യമയ 1,98,22,000/- രൂപ (ഒരു കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) 4235-02-102-94(പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ